സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.10051/2018/S

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
13/01/2021

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- കൊട്ടാരക്കര ഗ്രൂപ്പിലെ പി.ഡി. മണികണ്ഠേശ്വരം ക്ഷേത്രത്തിലെ കീഴ് ശാന്തി നിയമനം സംബന്ധിച്ച്.

സൂചന:- 1.16.07.2020-ലെ **ROC 8398/08/NS** നമ്പർ ബോർഡുത്തരവ്.
**2.28.09.2020**-ലെ **ROC 5238/18/MIS-1** നമ്പർ ബോർഡുത്തരവ്.
**3.**ഈ ആഫീസിലെ **12.01.2021**-ലെ മേൽ നമ്പർ നടപടി ഉത്തരവ്.
**4.**കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ **13.01.2021**-ലെ **6253** നമ്പർ റിപ്പോർട്ട്.

കൊട്ടാരക്കര ഗ്രൂപ്പിലെ പി.ഡി മണികണ്ഠേശ്വരം (ഗണപതി ക്ഷേത്രം) ക്ഷേത്രത്തിലെ കീഴ്ശാന്തിയുടെ കാലാവധി രണ്ട് വർഷമായി കുറച്ച് ഉത്തരവായിട്ടുള്ളതാണ്. **(സൂചന-1)** അതിൻ പ്രകാരം കൊട്ടാരക്കര ഗ്രൂപ്പിനുള്ളിൽ നിന്നും പി.ഡി മണികണ്ഠേശ്വരം ക്ഷേത്രത്തിലെ കീഴ്ശാന്തിയാകുവാൻ താൽപര്യമുള്ള ശാന്തിക്കാരുടെ അപേക്ഷ സ്വീകരിച്ച് ഇന്റർവ്യൂ നടത്തുന്നതിന് ഉത്തരവായി.**(സൂചന-2)** അതിന്റെ അടിസ്ഥാനത്തിൽ ടി ഗ്രൂപ്പിൽ നിന്നുമുള്ള **23** ശാന്തിക്കാരുടെ അപേക്ഷകൾ ലഭിക്കുകയും, **09/11/2020**-ൽ രാവിലെ **10.00** മണി മുതൽ നന്തൻകോട് സുമംഗലി കല്യാണ മണ്ഡപത്തിൽ വച്ച് നടത്തിയിട്ടുള്ള നേർകാഴ്ചയിൽ **13** പേർ പങ്കെടുത്തിട്ടുള്ളതും ആയതിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച **5** പേരെ നറുക്കെടുപ്പിലേയ്ക്ക് തെരഞ്ഞെടുത്തു, ടിയാൻമാരെ ഉൾപ്പെടുത്തി **13/01/2021**-ൽ രാവിലെ **7.30** മണിക്ക് പി.ഡി.മണികണ്ഠേശ്വരം ക്ഷേത്രത്തിൽ വച്ച് നടന്ന **നറുക്കെടുപ്പിൽ നറുക്ക് വീണ കൊട്ടാരക്കര ഗ്രൂപ്പിലെ തിരുആര്യൻകാവ് ദേവസ്വം മേൽശാന്തി ശ്രീ.എസ്.രതീഷ് കുമാറിനെ** പി.ഡി മണികണ്ഠേശ്വരം (ഗണപതി ക്ഷേത്രം) ക്ഷേത്രത്തിലെ **കീഴ്ശാന്തിയായി തെരഞ്ഞെടുത്തിട്ടുള്ളതാണ്.**

കൊട്ടാരക്കര ഗ്രൂപ്പിലെ പി.ഡി മണികണ്ഠേശ്വരം (ഗണപതി ക്ഷേത്രം) ക്ഷേത്രത്തിലെ കീഴ്ശാന്തിയായി ശ്രീ.എസ്.രതീഷ്കുമാറിനെ നിയമിച്ച് ഉത്തരവാകുന്നു. ടിയാന്റെ നിയമന കാലാവധി രണ്ട് വർഷം ആയിരിക്കും

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ,**

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

പകർപ്പ്-

1. സെക്രട്ടറി,തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. ലാ ആഫീസർ-തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ-പത്തനംതിട്ട
4. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-കൊട്ടാരക്കര(തുടർ നടപടിയ്ക്കായി)
5. ലെയ്സൺ ആഫീസർ-എറണാകുളം
6. ഇ.ഡി.പി സെക്ഷൻ, ദേവസ്വം ബോർഡ് ആഫീസ്
7. ശ്രീ.എസ്.രതീഷകുമാർ,മേൽശാന്തി,തിരു-ആര്യൻകാവ് ദേവസ്വം കൊട്ടാരക്കര ഗ്രൂപ്പ് (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
8. സെക്ഷൻ ഫയൽ
9. ഫെയർ ഓഫീസ് കോപ്പി

**RA 13**